ജയിലുകളിൽ കഴിയുന്ന വിചാരണ തടവുകാർ

222 (1927) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജയിലുകളിൽ എത്ര വിചാരണതടവുകാരുണ്ട് ; ഇതിൽ ജാമ്യക്കാരെ ലഭിക്കാത്തവരോ, വക്കീലിനെ വയ്ക്കാൻ കഴിവില്ലാത്തവരോ ആയ എത്ര പേരുണ്ട് ; ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മേൽ വിഭാഗത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) വിചാരണ തടവുകാരിൽ, ചെയ്ത കുറ്റത്തിന് ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലയളവ് പൂർത്തിയാക്കിയവർ ഉണ്ടോ ; ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരെ സ്വന്തം ജാമ്യത്തിൽ വിടാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കുറ്റം പരിഗണിച്ചാൽ ലഭിക്കാവുന്ന ശിക്ഷയുടെ കാലയളവ് പൂർത്തിയാക്കിയവർ ഉണ്ടോ ; എങ്കിൽ ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ജയിലുകളിൽ 1203 വിചാരണ തടവുകാരുണ്ട്. ഇതിൽ ജാമ്യക്കാരെ ലഭിക്കാത്തവരോ സ്വന്തമായി വക്കീലിനെ വയ്ക്കാൻ കഴിവില്ലാത്തവരോ ആയ 487 പേരുണ്ട്. ജയിൽ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സ്വന്തമായി വക്കീലിനെ നിയോഗിക്കാൻ കഴിവില്ലാത്തവർക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖാന്തരം സൗജന്യമായി വക്കീലിനെ ഏർപ്പെടുത്തിക്കൊടുക്കാറുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 148 പേരുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly